# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 487 | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയത് എന്ന മുതലാണെന്നും ആയതു പ്രകാരം 2017 ഡിസംബർ വരെ സംസ്ഥാനത്തിനും ഉപഭോക്താക്കൾക്കും ജി.എസ്.ടി നടപ്പാക്കിയത് കൊണ്ട് ഉണ്ടായ നേട്ടങ്ങളും കോട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത്. ജി.എസ്.ടി യിലൂടെ നികുതിയ്ക്ക മേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ചരക്ക സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ |

| | | | |
|---|---|---|---|
| | | | സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്ന തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും 2015-16 ധനകാര്യ വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നികുതി വരുമാനക്കുറവിനുള്ള നഷ്ട പരിഹാരം കേന്ദ്രം നൽകുന്നുണ്ട്. നികുതി ഭരണത്തിന്റെ അടിസ്ഥാന ശിലയായ ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി നടപ്പിലാക്കിയതാണ് സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണം. മാനദണ്ഡങ്ങൾ പാലിക്കാത്ത ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം. |
| (ബി) | പ്രസ്തുത കാലയളവിൽ ഓരോ മാസവും സർക്കാരിനു ലഭ്യമാകേണ്ട ജി.എസ്.ടി വരുമാനം എത്രയെന്നും എത്ര ലഭ്യമായെന്നും വിശദാംശം വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും | GST നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് പാർലമെന്റ് GST Compensation Act പാസ്സാക്കിയിട്ടുണ്ട്. നഷ്ടപരിഹാരം ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ |
| (സി) | 2016-17 വർഷത്തെ നികുതി വരുമാനത്തെ അപേക്ഷിച്ച് ഈ വർഷം എത്ര കുറവ് വന്നിട്ടുണ്ട്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ ഉണ്ടായ നികുതി വരുമാനക്കുറവ് പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ? | | നികുതി വരുമാനമായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ കുറവ് ജി.എസ്.ടി യാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെങ്കിൽ നഷ്ട പരിഹാരം ലഭിക്കും. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 14% നികുതി വളർച്ച ഉണ്ടാകുന്നതാണ്. നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിച്ച് 20% നികുതി വളർച്ച ഉണ്ടാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**